## പതിനാലാം കേരള നിയമസഭ

### നാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1558 06/03/2017-ൽ മറുപടിയ്ക്ക്

### 'ലൈഫ് മിഷൻ'പാർപ്പിട സുരക്ഷാ പദ്ധതി

| ചോദ്യം<br>ശ്രീ.ചിറ്റയം ഗോപകുമാർ,,<br>ജി.എസ്.ജയലാൽ<br>,, ആർ. രാമചന്ദ്രൻ<br>,, വി.ആർ. സുനിൽ കുമാർ | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | 'ലൈഫ് മിഷൻ' എന്ന പേരിൽ ഒരു സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി നടപ്പാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ അറിയിക്കുമോ; | (എ) | ഉണ്ട്. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭവന രഹിതർക്കും, ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുന്നതിനായി സംസ്ഥാന സർക്കാർ സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതിക്ക് (ലൈഫ്) രൂപം നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള സർവ്വേക്കുള്ള ചുമതല കുടുംബശ്രീ മിഷനാണ്. പ്രസ്തുത ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള പരിശോധനയ്ക്ക് മൂന്ന് ഘടകങ്ങളാണ് പരിഗണിക്കുന്നത്.<br>1) നിലവിൽ ലഭ്യമായ വിവിധ പട്ടികകളിൽ (എസ്.ഇ.സി.സി, ഡാറ്റാ, പഞ്ചായത്തുകളിൽ ലഭ്യമായ ഭവനരഹിതരുടെ പട്ടിക) ഉള്ള ഗുണഭോക്താക്കളുടെ പരിശോധന.<br>2) മേൽ പട്ടികയിൽ ഇടം പിടിക്കാത്ത ഭൂരഹിതരും ഭവനരഹിതരുമായ |

| | | | |
|---|---|---|---|
| | | | ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള പരിശോധന.<br><br>3) സർക്കാർ പദ്ധതികളുടെ ഗുണഭോക്താക്കളായി ഭവന നിർമ്മാണത്തിന് തുക കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം പൂർത്തീകരിക്കാത്തവരെ കണ്ടെത്തുന്നതിനുള്ള പരിശോധന/വാസയോഗ്യമല്ലാത്ത ഭവനമുള്ളവരെ കണ്ടെത്തുന്നതിനുള്ള പരിശോധന.<br><br>ഇത്തരത്തിൽ പരിശോധന പൂർത്തീകരിച്ചതിനുശേഷം കരട് പട്ടിക പ്രസിദ്ധപ്പെടുത്തുകയും പഞ്ചായത്ത് തലത്തിലും ജില്ലാ തലത്തിലും അപ്പീലുകൾ കേട്ടശേഷം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പട്ടിക അംഗീകരിച്ച് അന്തിമമാക്കുന്നു. തുടർന്ന് ഭവനരഹിതരായവരിൽ സ്ഥലമുള്ളവർക്ക്, സാമ്പത്തിക സഹായം നൽകി സ്വന്തം സ്ഥലത്ത് ഭവനം നിർമ്മിക്കുന്നതിനും, സ്ഥലമില്ലാത്തവർക്ക് ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് അവിടെ ഭവനങ്ങൾ ഒരുക്കി നൽകാനുമാണ് മിഷൻ ശ്രമിക്കുന്നത്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഏതൊക്കെ വിഭാഗക്കാർക്കാണ് മുൻഗണന നൽകുന്നത്; | (ബി) | ലൈഫ് പദ്ധതിയിൽ താഴെപറയും പ്രകാരമാണ് മുൻഗണന നൽകിയിട്ടുള്ളത്.<br><br><u>1. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മുൻഗണനാക്രമം.</u><br><br>1. മാനസിക വെല്ലുവിളി നേരിടുന്നവർ/അന്ധർ ശാരീരിക തളർച്ച സംഭവിച്ചവർ<br>2. അഗതികൾ<br>3. അംഗവൈകല്യമുള്ളവർ (40% -ന് മുകളിൽ)<br>4. ഭിന്നലിംഗക്കാർ |

| | | | |
|---|---|---|---|
| | | | 5. ഗുരുതര/മാരകരോഗമുള്ളവർ<br>6. അവിവാഹിതരായ അമ്മമാർ<br>7. രോഗം/അപകടത്തിൽപ്പെട്ട് ജോലി ചെയ്ത് ജീവനോപാധി കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ<br>8. വിധവകൾ<br><u>11. പദ്ധതിയുടെ ഗുണഭോക്താക്കൾ</u><br>1. ഭൂമിയുള്ള ഭവന രഹിതർ<br>2. ഭൂരഹിത-ഭവന രഹിതർ<br>3 പുറമ്പോക്കിലോ, തീരദേശ മേഖലയിലോ, തോട്ടം മേഖലയിലോ താൽക്കാലിക ഭവനം ഉള്ളവർ.<br>4. ഭവന നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തവർ/ വാസയോഗ്യമല്ലാത്ത ഭവനമുള്ളവർ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി 2011-ൽ കേന്ദ്ര സർക്കാർ നടത്തിയ SECC സർവ്വേ പ്രകാരം തയ്യാറാക്കിയ ലിസ്റ്റും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള അംഗീകൃത ഗുണഭോക്തൃ ലിസ്റ്റും അടിസ്ഥാനമാക്കുന്നതാണ്. ഇതിൽ ഉൾപ്പെട്ടിട്ടില്ലാത്ത അർഹരായവരെ കണ്ടെത്തുന്നതിന് കുടുംബശ്രീ സർവ്വേ നടത്തുന്നതാണ്.<br>111. സമൂഹത്തിലെ ഏറ്റവും താഴെക്കിടയിലുള്ളവർക്കും വിധവകൾക്കും അഗതികൾ ഉൾപ്പെടെയുള്ളവർക്കും ഈ പദ്ധതിയിൽ മുൻഗണന നൽകുന്നു. |
| (സി) | ഏതൊക്കെ വകുപ്പുകളെയും ഏജൻസികളെയുമാണ് പ്രസ്തുത പദ്ധതിയിൽ പങ്കാളികളായി നിശ്ചയിച്ചിട്ടുള്ളത്; | (സി) | പദ്ധതി നടപ്പിലാക്കുന്നത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനമാണ്. കേരളത്തിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പങ്കാളികളാണ്. കൂടാതെ സർക്കാരിന്റെ വിവിധ വകുപ്പുകളും പങ്കാളികളാണ്. |

| | | | |
|---|---|---|---|
| | | | എൻ.ഐ.റ്റി കോഴിക്കോടും സി.ഇ.റ്റി തിരുവനന്തപുരം കൂടാതെ കേരളത്തിലെ എല്ലാ സിവിൽ ബ്രാഞ്ചുകളായ പോളിടെക്നിക്ക് കോളേജുകളും സാമ്പത്തിക സഹായങ്ങളും/മാനുഷിക വിഭവങ്ങളും തരാൻ തയ്യാറുള്ള എൻ.ജി.ഒ, സ്ഥാപനങ്ങൾ എന്നിവയും പദ്ധതിയിൽ പങ്കാളികളാണ്. |
| (ഡി) | പദ്ധതി നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ? | (ഡി) | ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ചുമതല കുടുംബശ്രീക്കാണ്. ആയതിന്റെ സർവ്വേ നടന്നുവരികയാണ്. ലൈഫ് മിഷൻ കർമ്മസമിതി രൂപീകരിക്കുന്നതിന്റെ ഭാഗമായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെയും 3 ജീവനക്കാരെയും നിയമിച്ചിട്ടുണ്ട്. കൂടാതെ ഓരോ വിഭാഗത്തിലുമുള്ള ഗുണഭോക്താക്കൾക്ക് അനുവദിക്കാവുന്ന സാമ്പത്തിക സഹായത്തിന്റെ അളവ് നിശ്ചയിക്കുന്നതിനും ഭവനസമുച്ചയ നിർമ്മാണത്തിനുള്ള ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു |

സെക്ഷൻ ഓഫീസർ